ഹീമോഫീലിയ ബാധിച്ച മലയാളിക്ക് വിജയകരമായ ഹൃദയശസ്ത്രക്രിയ

ചെന്നൈ: ഹീമോഫീലിയ ബാധിച്ച മലയാളിക്ക് വിജയകരമായ ഹൃദയ ശസ്ത്രക്രിയ. അങ്കമാലി സ്വദേശി പോളിന്റെ മകൻ ബിനു(38)വിനാണ് പ്രശസ്ത ഹൃദ്രോഗ വിദഗ്ധനും മലയാളിയുമായ ഡോ. വി.വി. ബാഷിയുടെ നേതൃത്വത്തിൽ മിയോട്ട് ആസ്പത്രിയിൽ അപൂർവ ശസ്ത്രക്രിയ നടത്തിയത്.

ഹൃദയത്തിന്റെ അയോട്ടിക്ക് വാൾവിനുണ്ടായ ചോർച്ചയും മഹാധമനിയുടെ അപാകവുമാണ് ഏഴ് മണിക്കൂർ നീണ്ട ശസ്ത്രക്രിയയിലൂടെ ഒരേ സമയം പരിഹരിച്ചത്.

ലോകത്ത് ആദ്യമായാണ് ഹീമോഫീലിയ ബാധിച്ച രോഗിക്ക് ഹൃദയശസ്ത്രക്രിയ നടത്തി വിജയിക്കുന്നതെന്ന് ഡോ. വി. വി. ബാഷി അവകാശപ്പെടുന്നു.

കടുത്ത രക്തസ്രാവമുണ്ടാകുമെന്നതിനാൽ ഹീമോഫീലിയ രോഗികൾക്ക് ചെറിയ ശസ്ത്രക്രിയ പേലും അപകടകരമാണ്. ഹൃദയത്തിനാണെങ്കിൽ ലോഹനിർമിത കൃത്രിമ വാൽവ് ഉപയോഗിക്കാൻ കഴിയില്ല. ജൈവ കൃത്രിമ വാൽവാണെങ്കിൽപോലും 12 വർഷം വരെയെ നിലനിൽക്കൂ. അതിനാൽ മഹാധമനിയിലെ അപാകത്തോടൊപ്പം അയോട്ടിക്ക് വാൽവിലെ ചോർച്ചയും പരിഹരിച്ച് വീണ്ടും വാൽവ് ശസ്ത്രക്രിയയിലൂടെ ചേർക്കുകയായിരുന്നു പരിഹാരം.

ആദ്യം ഹൃദയം നിലപ്പിച്ച ശേഷം ഹൃദയത്തിൽനിന്ന് മുകളിലോട്ടുപോകുന്ന ഹൃദയധമനി മാറ്റി പകരം സിന്തറ്റിക് ഗ്രാഫ്റ്റ് പിടിപ്പിച്ചു. പിന്നീട് രോഗിയുടെ സ്വന്തം വാൽവിലെ അപാകം പരിഹരിച്ചശേഷം ഗ്രാഫ്റ്റിലേക്ക് ഘടിപ്പിച്ചു. തുടർന്ന് ഹൃദയധമനി ഗ്രാഫ്റ്റുമായി ഘടിപ്പിച്ചു.

മാർച്ച് 23-നായിരുന്നു ശസ്ത്രക്രിയ.

ഹീമറ്റോളജി, പാത്തോളജി, ട്രാൻസ്ഫ്യൂഷൻ ലാബോട്ടറി, അനസ്തേഷ്യ, സർജറി വിഭാഗങ്ങളിലെ വിദഗ്ധരുടെ സഹായത്തോടെയായിരുന്നു ശസ്ത്രക്രിയ.

ബിനുവിന് ഇനി അധികം മരുന്നുപോലും വേണ്ടിവരില്ലെന്ന് ഡോ. വി.വി. ബാഷി പറഞ്ഞു.

അപൂർവ ഹൃദയശസ്ത്രക്രിയയെക്കുറിച്ച് വിവരിക്കാനായി വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ ഡോ. ചെഴിയാൻ സുഭാഷ്, ഉഷ പാർഥസാരഥി, മിയോട്ട് ആസ്പത്രി ചെയർമാൻ മല്ലിക മോഹൻദാസ്, ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനായ ബിനു, ഡോ. വി.വി. ബാഷി, ബിനുവിന്റെ പിതാവ് പോൾ എന്നിവർ